LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യനീതി വകുപ്പ് അംഗൻവാടികൾ കേന്ദ്രീകരിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

1. 5 വയസ്സിനുതാഴെയുള്ള കുട്ടികൾക്കായി ആരോഗ്യവകുപ്പുമായി യോജിച്ച് പ്രതിരോധ വാക്സിൻ, കുട്ടികൾക്കുണ്ടാകുന്ന ചെറിയ അസുഖങ്ങൾ ഭേദപ്പെടുത്തുന്നതിനായി മെഡിസിൻ കിറ്റ് എന്നിവ നൽകുന്നുണ്ട്.
2. ഭാരക്കുറവും വളർച്ചക്കുറവും ഉള്ള കുട്ടികൾക്കായി അധിക പോഷണം നൽകിവരുന്നു.
3. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുഞ്ഞുങ്ങൾക്ക് കുടുംബശ്രീ മുഖേന അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നു.
4. 3 വയസ്സു മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായി പാൽ, മുട്ട എന്നിവ ഉൾപ്പെടെയുള്ള പോഷകാഹാര വിതരണം നടത്തിവരുന്നു.
5. അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചൺ എന്ന പരിപാടിയുടെ കീഴിൽ അന്നപ്രദായിനി എന്ന ഉച്ചഭക്ഷണ വിതരണ പദ്ധതി 6 വയസ്സിനുതാഴെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ കൗമാരപ്രായക്കാരായ പെൺകുട്ടികൾ, 60 വയസ്സിനു മേൽ പ്രായമുള്ള വൃദ്ധർ, ഭിന്നശേഷിയുള്ളവരും കിടപ്പിലായ വരും ഉൾപ്പെടെയുള്ളവർക്കായി നടപ്പിലാക്കിവരുന്നു.
6. അട്ടപ്പാടി മേഖലയിലെ 5 വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികളുടെയും പോഷണ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി UNICEF, NIRD, ആരോഗ്യവകുപ്പ് എന്നിവയുടെ സഹായത്തോടെ പ്രത്യേക സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തുവരുന്നുണ്ട്.

ഇത് കൂടാതെ ആദിവാസി-പട്ടികവർഗ്ഗ മേഖലകളിൽ രോഗബാധിതരായി കണ്ടെത്തുന്നവരെ എസ്.റ്റി. പ്രൊമോട്ടർ, ആശാ വർക്കർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി യഥാസമയം ആശുപത്രികളിൽ എത്തിക്കുന്നതിനും മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ-ശുചിത്വ ബോധവത്ക്കരണ പരിപാടികളും വിവിധ വകുപ്പുകൾ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികവർഗ്ഗ/പട്ടികജാതി ക്ഷേമ വകുപ്പുകൾ തുടങ്ങിയ വകുപ്പുകൾ ഈ മേഖലയിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം

224 (7523) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കുട്ടികൾക്ക് ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര കുട്ടികൾക്ക് കേൾവിശക്തിയും സംസാരശേഷിയും ലഭ്യമായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം മാർച്ച് 31-ന് മുമ്പ് 202 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനുള്ള അനുമതി നൽകുകയും നാളിതുവരെ 159 സർജറികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 43 സർജറികൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു.

(ബി) കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കുശേഷം ചുരുങ്ങിയത് രണ്ട് വർഷക്കാലത്തേക്കെങ്കിലും ഓഡിറ്ററി വെർബൽ ഹബിലിറ്റേഷൻ തെറാപ്പി ക്രമേണ കുട്ടിക്ക് നൽകിയാൽ മാത്രമേ സംസാരശേഷി വീണ്ടെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള സൗകര്യം സർജറി ചെയ്യുന്ന ആശുപത്രികളിലും തിരുവനന്തപുരത്തുള്ള നിഷിലും (NISH) ഒരുക്കിയിട്ടുണ്ട്.

ശാരീരിക മാനസിക വൈകല്യങ്ങൾ ബാധിച്ചവർക്ക് സംരക്ഷണം

225 (7524) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ശാരീരിക, മാനസിക വൈകല്യങ്ങൾ ബാധിച്ചവരുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വൈകല്യങ്ങൾ ബാധിച്ചവരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും അവരുടെ അന്യാധീനപ്പെട്ട സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിനും ഈ നിയമ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999-ലെ നാഷണൽ ട്രസ്റ്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം എന്നിവ സംഭവിച്ച വ്യക്തികളുടെയും അവരുടെ സ്വത്തിന്റെയും സംരക്ഷണത്തിനായി ലീഗൽ ഗാർഡിയനെ നിയമിക്കുന്നു.

Legal guardianship നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ/ജില്ലാ മജിസ്ട്രേട്ട് ചെയർമാനായുള്ള ലോക്കൽ ലെവൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly